പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1506 — 03.10.2016 ൽ - മറുപടിക്ക്

## റേഷൻ വിതരണം കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജൻ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | റേഷൻ വിതരണം പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | (ബി) & (സി) | ആധാർ അധിഷ്ഠിത മാർഗ്ഗത്തിലൂടെ ഓരോ ഗുണഭോക്താവിനേയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക, കേന്ദ്ര വിഹിതം ലഭിക്കുന്ന വേളയിൽ തന്നെ എഫ്.സി.ഐ., മധ്യതല ഗോഡൗണുകൾ വഴി റേഷൻ കടകൾ വരെയുള്ള സ്റ്റോക്കിന്റെ അലോട്ട്മെന്റ് വിവരങ്ങൾ ഓൺലൈനായി പൊതുജനങ്ങളെ അറിയിക്കുക, സ്റ്റോക്ക് റേഷൻ കടയിൽ എത്തിച്ചേരുന്ന വിവരം എസ്.എം.എസ്. ലൂടെ കാർഡ് ഉടമയെ അറിയിക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ റേഷൻ സാധനങ്ങളുടെ ദുരുപയോഗം പൂർണ്ണമായും തടയുക എന്ന ഉദ്ദേശത്തോടെ റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിലെ എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനി ച്ചിട്ടുണ്ട്. കൂടാതെ റേഷൻ കടകളിൽ സപ്ലൈകോ മുഖേന ഡോർ ഡെലിവറി വഴി നേരിട്ട് സാധനങ്ങൾ എത്തിക്കുക, ജി.പി.എസ്. ട്രാക്കിംഗ് ഉൾപ്പെടെയുള്ള ആധുനിക ടെക്നോളജിയുടെ സഹായത്തോടെ ചരക്കു നീക്കം നിരീക്ഷിക്കുക, ഓരോ ഇടപാടുകളും തത്സമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും കാണാനാകുന്ന വിധം ഒരു ട്രാൻസ്പാരൻസി പോർട്ടൽ വികസിപ്പി ക്കുക മുതലായ മാറ്റങ്ങളും വിഭാവനം ചെയ്യുന്നുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കുന്നത് വഴി നിലവിലുള്ള റേഷൻ വിതരണത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരാൻ പോകുന്നതെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ